പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 213 | 18.06.2014- ൽ മറുപടിക്ക് |
|---|---|

**കൃത്രിമമായി പഴുപ്പിച്ച പഴങ്ങളുടെ വില്പന തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" വി. ഡി. സതീശൻ<br>" ബെന്നി ബെഹനാൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മാമ്പഴം അടക്കമുള്ള പഴങ്ങൾ കൃത്രിമമായി പഴുപ്പിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലെത്തിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പ് ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) | നിലവിൽ, ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനം പ്രവർത്തിക്കുന്നില്ല എന്നാൽ, സംസ്ഥാനത്ത് പുതിയതായി മൂന്നു മൊബൈൽ അനലിറ്റിക്കൽ ലാബുകൾ ഉടൻതന്നെ പ്രവർത്തന സജ്ജമാക്കുവാൻവേണ്ട നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ലാബുകൾ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഭക്ഷണപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് പരിശോധിക്കുവാൻ സാധിക്കുന്നതാണ്. |
| സി) | ഇത്തരത്തിൽ കൃത്രിമമായി പഴങ്ങൾ പഴുപ്പിക്കാൻ ഉപയോഗിക്കുന്ന | സി) | പ്രധാനമായും, കാർബൈഡ് ഉപയോഗിച്ച് കൃത്രിമമായിട്ട് പഴുപ്പിക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കൂടാതെ സസ്യങ്ങളുടെ വളർച്ച വർദ്ധിപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | രാസപദാർത്ഥങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ രാസവസ്തുക്കൾ ഏതുതരത്തിൽ മനുഷ്യശരീരത്തെ ബാധിക്കുമെന്ന് പഠനം നടത്താനുള്ള നടപടി സ്വീകരിക്കുമോ; | | അനുവദിച്ചിട്ടുള്ള ഹോർമോൺ കലർന്ന "എത്രാൾ" എന്ന രാസവസ്തുവും ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്. |
| ഡി) | മാമ്പഴ സീസൺ മുഴുവൻ ഭക്ഷ്യസുരക്ഷാവകുപ്പ് വിപണിയിൽ പരിശോധന ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | സംസ്ഥാനത്തേക്ക് കൂടുതലായും മാമ്പഴം എത്തിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മാമ്പഴ സീസൺ മുൻകൂട്ടി കണ്ടുകൊണ്ട്, ടി സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടി അവിടുത്തെ പ്രധാന കൃഷിമേഖലകളും വിപണിയും സന്ദർശിച്ച് വേണ്ടുന്ന തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സംഘം ഉദ്യോഗസ്ഥർ ടി സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ ഇതിനകം ഉത്തരവായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിപണികളിൽ മാമ്പഴത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ സേവനം കൂടി ഉൾപ്പെടുത്തി പരിശോധിക്കുവാനും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും ഇതിനകം എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**